# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

ECHO OF HIS CALL 1968-2018 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | MARCH 2023 | No. 5


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 66:12 – 20**

12. നീ മനുഷ്യരെ ഞങ്ങളുടെ തലമേൽ കയറി ഓടുമാറാക്കി; ഞങ്ങൾ തീയിലും വെള്ളത്തിലുംകൂടി കടക്കേണ്ടിവന്നു; എങ്കിലും നീ ഞങ്ങളെ സമൃദ്ധിയിലേക്കു കൊണ്ടുവന്നിരിക്കുന്നു.

13. ഞാൻ ഹോമയാഗങ്ങളുംകൊണ്ടു നിന്റെ ആലയത്തിലേക്കു വരും; എന്റെ നേർച്ചകളെ ഞാൻ നിനക്കു കഴിക്കും.

14. ഞാൻ കഷ്ടത്തിൽ ആയിരുന്നപ്പോൾ അവയെ എന്റെ അധരങ്ങളാൽ ഉച്ചരിച്ചു, എന്റെ വായാൽ നേർന്നു.

15. ഞാൻ ആട്ടുകൊറ്റന്മാരുടെ സൗരഭ്യവാസനയോടുകൂടെ തടിപ്പിച്ച മൃഗങ്ങളെ നിനക്കു ഹോമയാഗം കഴിക്കും; ഞാൻ കാളകളെയും കോലാട്ടുകൊറ്റന്മാരെയും അർപ്പിക്കും.

16. സകല ഭക്തന്മാരുമായുള്ളോരേ വന്നു കേൾപ്പിൻ; അവൻ എന്റെ പ്രാണന്നുവേണ്ടി ചെയ്തതു ഞാൻ വിവരിക്കാം.

17. ഞാൻ എന്റെ വായ്കൊണ്ടു അവനോടു നിലവിളിച്ചു; എന്റെ നാവിന്മേൽ അവന്റെ പുകഴ്ച ഉണ്ടായിരുന്നു.

18. ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു.

19. എന്നാൽ ദൈവം കേട്ടിരിക്കുന്നു; എന്റെ പ്രാർത്ഥനാശബ്ദം ശ്രദ്ധിച്ചിരിക്കുന്നു.

20. എന്റെ പ്രാർത്ഥന തള്ളിക്കളയാതെയും തന്റെ ദയ എങ്കൽനിന്നു എടുത്തുകളയാതെയും ഇരിക്കുന്ന ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ.

# നിങ്ങളുടെ ദുഃഖം സന്തോഷമായിത്തീരും

**YOUR SORROW WILL BE TURNED INTO JOY!**

(പാസ്റ്റർ സാം സെൽവരാജ്
മുഖ്യ സഭയിൽ നൽകിയ സന്ദേശം)

[യോഹന്നാൻ 16:20]

നിന്റെ ദു:ഖം സന്തോഷമായ് മാറും
നിന്റെ സങ്കടങ്ങൾ കണ്ണുനീർ എല്ലാം മാറിപ്പോകും
കലങ്ങാതെ മകനെ കലങ്ങാതെ മകളെ
നമ്മുടെ യേശു നമ്മെ കൈവിടുകയില്ല

1. കഴിഞ്ഞ കാലത്തെയോർത്ത് നിരാശപ്പെടാതെ മറന്നുകളക ദൈവം പുതിയവ ചെയ്തുതരും
ഇന്നു തന്നെ നീ കാണും അതു ഇന്നു തന്നെ നീ കാണും
കലങ്ങാതെ മകനെ കലങ്ങാതെ മകളെ
നമ്മുടെ യേശു നമ്മെ കൈവിടില്ല

2. തകർന്ന ഹൃദയത്തെ ദൈവം സൗഖ്യമാക്കും മുറിവുകളെ അവൻ ഉണക്കും
കണ്ണീർകളെ അവൻ തുടയ്ക്കും നിന്റെ കണ്ണീർകളെ അവൻ തുടയ്ക്കും
കലങ്ങാതെ മകനെ കലങ്ങാതെ മകളെ
നമ്മുടെ യേശു നമ്മെ കൈവിടുകയില്ല

3. കഴിയുന്നതിനുമീതെ പരീക്ഷിക്കാത്തവൻ നിന്നെ ശക്തീകരിക്കും
നിന്റെ വഴി അവൻ കാട്ടിതരും നിശ്ചയമായ് കാട്ടിത്തരും
കലങ്ങാതെ മകനെ കലങ്ങാതെ മകളെ
നമ്മുടെ യേശു നമ്മെ കൈവിടില്ല

**ഇതാണ് ദൈവം നിങ്ങൾക്കു നൽകുന്ന ദൈവീക സന്ദേശം**




## വിളിയുടെ പ്രതിധ്വനി

*യു ട്യൂബ് ക്രിസ്തീയ ചാനൽ!*

**5 മിനിട്ട് ദൈർഘ്യമുള്ള സന്ദേശങ്ങൾ!!**

**ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്**

**എല്ലാ ദിവസവും 5.00 am**

**തമിഴ് ഞായർ ആരാധന– 8.30 am**

**പാസ്റ്റർ സാം സെൽവരാജുമൊത്ത് പ്രാർത്ഥിക്കാൻ അവസരം!**

ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

REACHING NATIONS

## *from your dearly beloved brother...*






**യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല** - സങ്കീർത്തനങ്ങൾ 23:1

കർത്താവിൽ പ്രീയരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കു വന്ദനം.

ഞങ്ങളുടെ വിളിയുടെ പ്രതിധ്വനി മാസികയിലൂടെ ദൈവാനുഗ്രഹം പ്രാപിച്ച എല്ലാവർക്കായും ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഞങ്ങൾ പുതുതായി ആരംഭിച്ച അതിരാവിലെ 5.00 മണിക്കുള്ള 5 മിനിട്ട് യുട്യൂബ് സന്ദേശത്തിലൂടെ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഞങ്ങളാൽ കഴിയുന്നതെല്ലാം ഞങ്ങൾ ചെയ്യുന്നതിലൂടെയുള്ള ഫലം നിങ്ങൾ കൊയ്യും.

ദിവസങ്ങൾ കഴിയുന്തോറും ക്രിസ്തുവിന്റെ ശുശ്രൂഷ വളർന്നുവരുന്നു. എന്നാൽ ആദിമ സഭയിലെ അപ്പൊസ്തലന്മാർ അനുഭവിച്ച എല്ലാ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും പോരാട്ടങ്ങളും ഞങ്ങളും അനുഭവിക്കുന്നു. വിവിധ ശുശ്രൂഷകളിലൂടെയും സുവിശേഷ പ്രവർത്തനങ്ങളിലൂടെയും നാം സാത്താന്റെ കോട്ടകൾ തകർക്കുമ്പോൾ അവൻ പ്രകോപിതനാകുന്നതിൽ അതിശയിക്കാനില്ല.

പക്ഷെ ഞങ്ങൾ തളരുന്നില്ല. ആദ്യകാല അപ്പൊസ്തലന്മാരും നമ്മുടെ പൂർവ്വ പിതാക്കന്മാരും പ്രബോധിപ്പിച്ച ഉപദേശങ്ങൾ യാതൊരു വിട്ടുവീഴ്ചയും കൂടാതെ ഞങ്ങൾ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു. സാധ്യമായ വിധത്തിൽ ഞങ്ങളെ പിന്തുണയ്ക്കാൻ മുന്നോട്ടു വരുവാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ഞങ്ങൾക്കു നിങ്ങളുടെ കൂട്ടായ്മയും പിന്തുണയും ആവശ്യമുണ്ട്.

ഈ മാസവും വരുന്ന മാസങ്ങളിലും ഞങ്ങൾ വളരെയധികം യാത്ര ചെയ്യാൻ പോകുകയാണ്. നിങ്ങളുടെ പ്രാർത്ഥനകളിൽ ഞങ്ങളെ ഓർക്കുവിൻ. യഥാർത്ഥമായ ഭാരത്തോടെ ആത്മാക്കൾക്കുവേണ്ടി പോരാടുന്ന പാത ശരിക്കും കഠിനമായതാണ്. നമ്മുടെ പല ദൈവദാസന്മാരുടെയും കുടുംബാംഗങ്ങൾ പല വിധത്തിലുള്ള രോഗങ്ങളാൽ ഭാരപ്പെടുന്നു. നിങ്ങളുടെ പ്രാർത്ഥനയും സ്നേഹവും ഞങ്ങൾക്ക് ആശ്വാസമാണ്.

നിങ്ങളുടെ കത്തുകളും നിർദ്ദേശങ്ങളും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഞങ്ങളും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. മാത്രമല്ല, ദൈവത്തോടുള്ള നിങ്ങളുടെ എല്ലാ പ്രാർത്ഥനാവിഷയങ്ങളും ഞങ്ങൾ ഗൗരവമായി കണക്കാക്കി ഞങ്ങളും നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ദൈവീക സ്നേഹത്താൽ ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു. തങ്ങളുടെ വഴിപാടുകൾ കൊണ്ട് ഞങ്ങളെ സ്ഥിരമായി പിന്തുണയ്ക്കുന്ന എല്ലാ സഹോദരീ സഹോദരന്മാർക്കും കർത്താവ് പ്രതിഫലം നൽകട്ടെ! ആമേൻ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ

**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**

(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

കഴിഞ്ഞ കുറച്ച് ദിവസങ്ങളിൽ എനിക്ക് വിവിധ രാജ്യങ്ങളിലെ പല നിറങ്ങളിലുള്ള ആളുകളെ കണ്ടു മുട്ടാൻ അവസരം ലഭിച്ചു. അവരിൽ പണ്ഡിതന്മാരെയും പ്രമുഖ ഡോക്ടർമാരെയും അധികാര രാഷ്ട്രീയത്തിൽ നിന്നുള്ള ആളുകളെയും ഞാൻ കണ്ടു. ഉദ്യോഗസ്ഥർ, വ്യവസായികൾ, ധനികർ, കൺസൽട്ടന്റുമാർ, സാധാരണകാരും ഇടത്തരക്കാരും, വിദ്യാഭ്യാസം കുറഞ്ഞവർ, ദൈവഭയം ഉള്ളവർ, ദൈവം ഇല്ലാത്ത ആളുകൾ, വിദ്യാർത്ഥികൾ, വിനോദസഞ്ചാരികൾ, തീർത്ഥാടകർ, വ്യാപാരികൾ, അഭിനേതാക്കൾ, എഴുത്തുകാർ, വിശ്വാസികളും സേവകരും എന്ന് സ്വയം വിളിക്കുന്ന ആളുകൾ ഒക്കെ

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

CHIEF EDITOR
Angeline Selvakumari Henry, M.A., M.Ed.
MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
ADMINISTRATION
Bro. N. Prakasam, M.A., General Manager
EDITORIAL BOARD
Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Dr. A. Richard Samuel, M.A., Ph.D.
Rev. Dr. K.R. Rajasekaran
EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858
CORE LEADERS
Bro. K. Puratchivendan
Bro. A. Edward Durai
Bro. A. Alvin
Bro. K. Abraham
Sis. Dhanalakshmi Chinnaiah
E.mail ID
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) BIBLECOR - Postal Courses (3 languages) Media Ministry Online Courses Theological Correspondence Courses (2 languages) Church Planting Nehemiah Bible Colleges Gospel Printing Press Great Commission Partners St. Paul's Matriculation School Crusades Community Development


യും അതിൽ ഉണ്ടായിരുന്നു. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റെന്തെങ്കിലും തരത്തിൽ അവർ അനുഭവിച്ചുവന്ന ബുദ്ധിമുട്ടുകൾക്കും പോരാട്ടങ്ങൾക്കും ഞാൻ സാക്ഷ്യം വഹിച്ചു. അതുകൊണ്ടാണ് അത്തരത്തിലെ ആളുകൾ ദൈവത്തെ അന്വേഷിച്ച് വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുന്നത്.

ചില ഭക്തർ പലപ്പോഴും അവർക്ക് അറിയാത്ത കാര്യങ്ങൾ ചെയ്യുന്നു. ചിലർ വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനായി ദിവസങ്ങളോളം തപസ്സ് ചെയ്യുന്നു. എന്നാൽ അവർ പുറപ്പെടുന്നതിന് മുമ്പ് അവർക്ക് വേണ്ടി പ്രാർത്ഥന ആവശ്യപ്പെട്ടുകൊണ്ട് ചിലർ ഞങ്ങളെ സന്ദർശിക്കുന്നു. ഞാൻ അതിനെ നിന്ദിക്കുകയോ പരിഹസിക്കുകയോ ചെയ്യുന്നില്ല. എന്നാൽ അവയിൽ ഒരു വിരുദ്ധ പ്രേരണയും ശൂന്യതയും നമുക്ക് കാണാൻ കഴിയുന്നില്ലേ? നല്ല മനുഷ്യരെ, അവരുടെ പാരമ്പര്യവും സംസ്കാരവുമാണ് അവർക്ക് വിടുതൽ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. പ്രയാസങ്ങളും പ്രക്ഷുബ്ദധതയും നിറഞ്ഞ ഈ ലോകത്ത് കുറച്ച് ആളുകൾ ദൈവരാജ്യത്തെ കുറിച്ചും അതിന്റെ വിപുലീകരണത്തെ കുറിച്ചും ചിന്തിക്കുകയും, ലോകത്തിലെ ജനങ്ങളുടെ ശീലങ്ങളും പാരമ്പര്യങ്ങളും പാലിച്ച് സമാധാനത്തോടെ ജീവിക്കുകയും, അവരുടെ വിശുദ്ധി കൃത്യമായി പാലിക്കുകയും ചെയ്യുന്നതിൽ സന്തോഷം. എന്താണ് അതിന്റെ കാരണം? അത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പുനരുത്ഥാനശക്തിയാൽ സംഭവിക്കുന്നു. അത് സാധാരണ ജനത്തിന്റെ സമൂല ജീവിതത്തിൽ പ്രവർത്തിക്കുന്നു. നമുക്ക് ഒരോരുത്തർക്കും ഈ അനുഭവം ഉണ്ടായിരിക്കണം. യേശുക്രിസ്തുവിന്റെ പുനരുത്ഥാനശക്തി ഒരു വ്യക്തിയിൽ ഉണ്ടാകുമ്പോൾ, അവൻ ഉണ്ടെങ്കിലും സ്വതവേ പ്രയോജനം ഇല്ലാത്തവൻ ആയിരുന്നാലും അവൻ വളരെ ഉപകാരപ്രദമായിത്തീരും. ഈ ശക്തി ഇടപെടുമ്പോൾ നിത്യരോഗിയായ ഒരു വ്യക്തിയുടെ ജീവിതത്തിൽ അവന്റെ രോഗം മാറിപ്പോകും! യേശു പറഞ്ഞു, ... "**എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും**" (യോഹന്നാൻ 11:25). ഒരു വ്യക്തി കർത്താവായ യേശുക്രിസ്തുവിനെ സ്വജീവിതത്തിൽ അംഗീകരിക്കുകയും, വ്യക്തിപരമായ രക്ഷകനെന്നും, യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുകയും അനുതപിക്കുകയും ചെയ്യുന്നുവെങ്കിൽ, അവൻ രക്ഷ പ്രാപിക്കും. തന്മൂലം കർത്താവിന്റെ അമാനുഷിക രോഗശാന്തി അനുഭവിച്ച്, ഒരു സാധാരണ വ്യക്തിയായി ജീവിക്കുവാൻ കഴിയും.

## യേശുക്രിസ്തുവും ലാസറും!

യേശുക്രിസ്തുവിന്റെ സുഹൃത്തായ ലാസർ മരിച്ചു. എന്നാൽ കർത്താവായ യേശുക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. മരിച്ചവരിൽ നിന്ന് യേശു ലാസറിനെ ഉയിർപ്പിച്ചു എന്നിരുന്നാലും, പ്രായാധിക്യം മൂലം ലാസർ പിന്നെ മരിച്ചു. പക്ഷേ കുരിശിൽ മരിച്ച കർത്താവായ യേശുക്രിസ്തു മൂന്നാം ദിവസം മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നു. അവരുടെ മൃതദേഹം അടക്കം ചെയ്തിരിക്കുന്ന ശവകുടീരങ്ങൾ എല്ലായ്പ്പോഴും അടഞ്ഞുകിടക്കുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ കല്ലറ മാത്രം ഇപ്പോഴും തുറന്നിരിക്കുന്നു. ഇത് ചരിത്രപരമായി തെളിയിക്കപ്പെട്ട ഒന്നാണ്.

റോമൻ അധികാരികളും ക്ഷേത്ര അധികാരികളും പൂർണ്ണ സുരക്ഷ നൽകി യേശുവിന്റെ കല്ലറ കാത്തുവെന്ന് ബൈബിൾ പറയുന്നു. അവർ പോയി കല്ലറ ഭദ്രമാക്കി. കല്ല് മുദ്രയിടുകയും കാവൽ സ്ഥാപിക്കുകയും ചെയ്തു (മത്തായി. 27:67). എന്നാൽ കർത്താവായ യേശുക്രിസ്തു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു (മത്തായി 28:18). മഗ്ദലന മറിയവും മറ്റെ മറിയയും ശബത്തിനു ശേഷമുള്ള ആഴ്ചയിലെ ആദ്യദിവസം തന്നെ കല്ലറ കാണാൻ വന്നു. കർത്താവായ യേശുക്രിസ്തു തന്റെ കാര്യം നേരത്തെ പറഞ്ഞിരുന്നുവെങ്കിലും അവൻ മരിച്ചവരിൽ നിന്ന് മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുമെന്ന് ശിഷ്യന്മാർ വിശ്വസിച്ചിരുന്നില്ല. മൂന്നരവർഷം അവനോടൊപ്പം ശുശ്രൂഷ ചെയ്തിരുന്നവർ തങ്ങളുടെ യഥാർത്ഥ സ്നേഹം കർത്താവിനോട് കാണിക്കുന്നതിൽ പരാജയപ്പെട്ടു. യേശുവിന്റെ മരണം അവർക്ക് സങ്കടവും ദു:ഖവും നൽകി. എന്നാൽ യേശു അവരുടെ പോരായ്മകൾ കൂട്ടാക്കിയില്ല. യേശു അവർക്ക് പ്രത്യക്ഷനായി അവരെ ആശ്വസിപ്പിച്ചു. മാത്രമല്ല, അവരുടെ ശക്തരായ അപ്പോസ്തലന്മാരാക്കി മാറ്റി. അങ്ങനെ അവരുടെ ദു:ഖം സന്തോഷമായി തീർന്നു.



**Statement about ownership and other particulars about the Newspaper Echo of His Call (Malayalam) - Form IV (See Rule 8)**

| | | |
|---|---|---|
| 1. Place of Publication | : | **New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai - 600 005.** |
| 2. Periodicity | : | **Monthly** |
| 3. Printer, Editor, Owner & Publisher | : | **S. Sam Selva Raj** (Same Address) |
| 4. Nationality | : | **Indian** |

I, **S. Sam Selva Raj** hereby declare that the particulars given above are true to the best of my knowledge and belief.

**March 2023** **S. Sam Selva Raj.**

പ്രിയരേ, നിങ്ങളുടെ ചെറിയ സംശയങ്ങളും ആഗ്രഹങ്ങളും ജഡമോഹവും നിങ്ങളെ നയിച്ചില്ലേ? നിങ്ങൾ പലതരത്തിൽ കർത്താവിന്റെ സ്നേഹം ആസ്വദിച്ചെങ്കിലും അതിൽ നിന്ന് അകന്ന് അവസരങ്ങളും വ്യത്യസ്ത വഴികളും സ്വീകരിച്ചു. നിരാശപ്പെടാതെ നിങ്ങളുടെ കുറവുകൾ ഏറ്റു പറയുക. ഒപ്പം വീണ്ടും യേശുവിന്റെ അടുക്കൽ വരിക. നിങ്ങളുടെ ദു:ഖം സന്തോഷമായി മാറും!

## ദൈവമക്കൾക്ക് ഒരു താക്കീത്!

അന്തരിച്ച പാസ്റ്റർ ജി. സുന്ദരം എന്റെ സഭക്കു നൽകിയ രണ്ട് കൽപനകൾ ഞാൻ നിങ്ങളോട് പറയാം. ദൈവവുമായുള്ള കൂട്ടായ്മ കാത്തു സൂക്ഷിക്കുന്നതിലൂടെ ഒരാൾക്ക് എങ്ങനെ കർത്താവിന്റെ സന്തോഷം ലഭിക്കും?

ഏതൊരു ദൈവദാസനോ സുവിശേഷകനോ ലോകത്തിന്റെ ഏത് ഭാഗത്തും പോയി ശുശ്രൂഷചെയ്യാം. എന്നാൽ അവർ അരയിൽ ഒരു ചരട് കെട്ടി മറ്റെ അറ്റം തങ്ങളുടെ സഭയുമായി കെട്ടണം. കർത്താവ് നിങ്ങൾക്ക് നൽകിയ സഭ നിങ്ങൾ കാത്തു സൂക്ഷിക്കണം. നിങ്ങൾക്ക് ഞായറാഴ്ച തീരെ ഒഴിവാക്കാൻ ആവാത്ത ജോലി ഇല്ലെങ്കിൽ നിർബന്ധമായും നിങ്ങൾ പള്ളിയിൽ ആരാധനയിൽ പങ്കെടുക്കണം. മറ്റുള്ളവരോടൊപ്പം കർത്താവിനെ ആരാധിക്കണം. വചനം മനപൂർവ്വം സ്വീകരിക്കണം. ദൈവവചനം ക്ഷമയോടെ അനുസരിക്കുവിൻ.

രണ്ടാമതായി നമ്മൾ ഓരോരുത്തരും പാപ ചിന്തയിൽ നിന്ന് വിടുവിക്കപ്പെട്ടിരിക്കുന്നു. പാപശീലങ്ങൾ, മോശമായ ബന്ധം എന്നിവ ചെയ്യാതിരിപ്പാൻ ദൈവകൃപയാൽ നാം ജാഗ്രത പുലർത്തണം. നാം വിടുവിക്കപ്പെട്ട പാപത്തിലേക്ക് പിന്നെയും മടങ്ങരുത്. നമുക്ക് പാപത്തിൽ കഴിയാനുള്ള സാദ്ധ്യതകൾ ഉണ്ട്. ശത്രു നമ്മെ ആക്രമിക്കും. ജാഗ്രത പാലിക്കുക!

ഉദാഹരണമായി നമുക്ക് കർത്താവിന്റെ കൃപയാൽ നാം പാപാസക്തിയിൽ നിന്ന് മോചിക്കപ്പെട്ടാൽ, യേശുക്രിസ്തു നിങ്ങൾക്ക് നൽകിയ വിടുതലിനെ ജാഗ്രതയോടെ സംരക്ഷിക്കണം. പാപസ്ഥലത്തിന് സമീപം നിങ്ങൾ പോകരുത്. കൂടാതെ, നിങ്ങൾക്ക് തന്നെ നിങ്ങളുടെ പണവിനിയോഗത്തിന് ചില മാറ്റങ്ങൾ വരുത്തുവാൻ സാധിക്കണം. നിങ്ങളുടെ പഴയ ചീത്ത സുഹൃത്തുക്കളിൽ നിന്ന് പൂർണ്ണമായും മോചിതരാകുക. ഒരിക്കലും അത്തരം ബന്ധങ്ങൾ വീണ്ടും ഉണ്ടാകരുത്. നിങ്ങളുടെ തീരുമാനത്തിൽ നിങ്ങൾ ഉറച്ച് നിന്നാൽ നിങ്ങൾക്ക് സമ്പൂർണ സന്തോഷവും വിജയവും ഉണ്ടാകും.

## മഗ്ദലന മറിയയും മറ്റെ മറിയയും!

ഏഴ് പിശാചുക്കളാൽ പീഡിതയായ മഗ്ദലന മറിയം യേശുവിനാൽ വിടുവിക്കപ്പെട്ടു. അവൾ മറ്റൊരു മറിയയോടൊപ്പം യേശുവിന്റെ ശരീരം അടക്കം ചെയ്ത കല്ലറ സന്ദർശിച്ചു. ഒരു വലിയ ഭൂകമ്പം ഉണ്ടായി കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ ഇറങ്ങി വന്ന് വാതിൽക്കൽ നിന്ന് കല്ല് ഉരുട്ടിമാറ്റി അതിൽ ഇരുന്നു (മത്താ. 28:2).



പ്രിയ സഹോദരാ/ സഹോദരീ; നിങ്ങളുടെ ജീവിതത്തിൽ കല്ലുകൾ ഉണ്ടായിരിക്കാം ചിലപ്പോൾ നിങ്ങൾക്കോ ശക്തന്മാർക്കോ അത് നീക്കാൻ കഴിയില്ലായിരിക്കാം. എന്നാൽ ഭയപ്പെടേണ്ട, വഴിയില്ലാത്തടത്ത് ദൈവം വഴി ഒരുക്കും . അത് വിദൂരമല്ല, നിങ്ങളെ കാത്തുസൂക്ഷിക്കാൻ ദൈവം തന്റെ ദൂതന്മാരെ ചുമതലപ്പെടുത്തും. മാലാഖമാർ



നിങ്ങൾക്കായി പ്രവർത്തിക്കുന്നു. നിങ്ങളുടെ അനുഗ്രഹങ്ങളെ തടയുന്ന കല്ലുകളെ നീക്കി നിങ്ങളെ വിടുവിക്കും. കർത്താവിന്റെ അനുഗ്രഹം ആസ്വദിക്കൂ. ദൂതന്മാർ കല്ലുകളിൽ ഇരുന്ന് നിങ്ങൾക്കായി പ്രവർത്തിക്കും. ദൈവത്തിന്റെ അനുഗ്രഹത്തിൽ ഉറച്ചിരിക്കുക. നിങ്ങളുടെ സങ്കടങ്ങൾ വളരെ വേഗം സന്തോഷമായി മാറും!

## നമ്മുടെ തെറ്റായ തത്ത്വങ്ങൾ!

ദൈവമക്കളേ, സന്തോഷിക്കൂ! നമ്മുടെ കർത്താവ് നിങ്ങളുടെ വഴിയെ തടയുന്ന തെന്തിനെയും നീക്കം ചെയ്യാൻ ശക്തനാണ്. യേശുക്രിസ്തു നമുക്ക് നൽകുന്ന അനുഗ്രഹത്തിന്റെ താക്കോൽ ലോകത്തിലെ ഒരു

06-ാം പേജിൽ തുടരും...


नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।

माध्यमः हिन्दी

सदस्यता के लिए पंजीकृत उम्मीदवार - ATA

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान

सर्टिफिकेट इन थियोलॉजी – 1 साल
डिप्लोमा ऑफ थियोलॉजी – 2 साल

योग्यता 10 वी या अधिक
जल्दी करें!

Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

***മാർച്ച് 19*** : സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹമ്യാ ബൈബിൾ കോളേജ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്നീ പ്രവർത്തനങ്ങൾക്കായി.

***മാർച്ച് 20*** : 16-01-23 ൽ സഭാശുശ്രൂഷകന്മാരുടെ യോഗങ്ങൾ അനുഗ്രഹപ്രദമായി നടന്നതിനായി.

***മാർച്ച് 21*** : വിളിയുടെ പ്രതിധ്വനി യൂട്യൂബ് ചാനൽ പുതുതായി പങ്കാളികളായവർക്കായി.

***മാർച്ച് 22*** : നമ്മുടെ പ്രവർത്തകരുടെ കുടുംബങ്ങൾക്കായി.

***മാർച്ച് 23*** : സഭാവിഭാഗവ്യത്യാസമെന്യേ ബാലികാബാലന്മാരിലും യുവതീയുവാക്കളിലും ഉണ്ടാകുന്ന ഉണർവ്വിനായി.

***മാർച്ച് 24*** : ഉൾഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന മിഷണറിമാർക്കും അവരുടെ കുടുംബാഗങ്ങൾക്കുമായി.

***മാർച്ച് 25*** : സ്വദേശത്തും വിദേശത്തും നമ്മുടെ പാസ്റ്റർ എസ്. സാം സെൽവരാജിന്റെ സന്ദർശനങ്ങളുടെ അനുഗ്രഹത്തിനായി.

***മാർച്ച് 26*** : നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസപങ്കാളികൾ, ആയുഷ്കാല പങ്കാളികൾ, മാസിക വരിക്കാർ, പരമനിയോഗ പങ്കാളികൾ തുടയങ്ങിയവർക്കായും അവരുടെ കുടുംബാഗങ്ങൾക്കായും.

***മാർച്ച് 27*** : 1969 മുതലുള്ള മാസികാ ശുശ്രൂഷയെ ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചതിനായി.

***മാർച്ച് 28*** : നമ്മുടെ പ്രസ്സിനായും അതിൽ വിശ്വസ്തതയോടെ തൊഴിൽ ചെയ്യുന്ന പ്രവർത്തകർക്കായും.

***മാർച്ച് 29*** : വിളിയുടെ പ്രതിധ്വനി മാസികയുടെ സഹപ്രവർത്തകർക്കായും അവരുടെ കുടുംബാഗങ്ങൾക്കായും.

***മാർച്ച് 30*** : നമ്മുടെ മിഷണറിമാരെ സാമ്പത്തികമായും പ്രാർത്ഥനയാലും താങ്ങുവാൻ ദൈവം പ്രാപ്തരാക്കുന്നതിനായി.

***മാർച്ച് 31*** : ലോകവ്യാപകമായി വേദപുസ്തകവും സുവിശേഷസാഹിത്യങ്ങളും അച്ചടിക്കുന്ന ദൈവമക്കളുടെ സകല ആവശ്യങ്ങൾക്കായും.

***ഏപ്രിൽ 01*** : വ്യക്തിപരമായ ആവശ്യങ്ങൾക്കു മധ്യേയും മിഷണറി പ്രവർത്തനങ്ങൾക്കുവേണ്ടി സാമ്പത്തികമായി സഹായിക്കുന്ന നമ്മുടെ പങ്കാളികൾക്കായി.

***ഏപ്രിൽ 02*** : പാസ്റ്റർ എസ്. സാം സെൽവരാജിനും കുടുംബത്തിനും ദൈവം നൽകിയിരിക്കുന്ന സംരക്ഷണത്തിനും ആരോഗ്യത്തിനുമായി.

***ഏപ്രിൽ 03*** : മിഷണറിമാരാൽ ലോകത്തിൽ സത്യസുവിശേഷത്തിന്റെ ഉപദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തുടങ്ങുന്നതിന്റെ അനുഗ്രഹത്തിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

***ഏപ്രിൽ 04*** : ലോകം മുഴുവനുമുള്ള സഭകളുടെ ഉണർവ്വിനായി.

***ഏപ്രിൽ 05*** : അപ്രതീക്ഷിതമായ പ്രകൃതിദുരന്തങ്ങൾ ഒഴിവാക്കപ്പെടുന്നതിനായി.

***ഏപ്രിൽ 06*** : വിളിയുടെ പ്രതിധ്വനി സഭകളിലെ വിശ്വാസികളും കുടുംബങ്ങൾ എല്ലാ മേഖലകളിലും അനുഗ്രഹിക്കപ്പെടേണ്ടതിനായി.

***ഏപ്രിൽ 07*** : നല്ല വെള്ളിയാഴ്ച, ഉയിർപ്പു ഞായർ എന്നീ ദിവസങ്ങളിലെ ശുശ്രൂഷകളുടെ അനുഗ്രഹത്തിനായി.

***ഏപ്രിൽ 08*** : നെഹെമ്യാ ബൈബിൾ കോളേജിലെ എല്ലാ ബാച്ചിലെയും വിദ്യാർത്ഥികൾക്ക് സമർപ്പണ ബോധത്തോടും അച്ചടക്കത്തോടും വളരേണ്ടതിനായി.

***ഏപ്രിൽ 09*** : ലഹരിവസ്തുക്കൾക്ക് നമ്മുടെ കുട്ടികളും യുവാക്കളും അടിമകളായിതീരാതിരിക്കേണ്ടതിനായി.

***ഏപ്രിൽ 10*** : ദുശ്ശീലങ്ങളിൽ നിന്ന് നമ്മുടെ കുഞ്ഞുങ്ങളും യുവാക്കളും സംരക്ഷിക്കപ്പെടേണ്ടതിനായി.

***ഏപ്രിൽ 11*** : നമ്മുടെ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ 10 -ാം ക്ലാസ് പരീക്ഷയ്ക്കായി ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കായി.

***ഏപ്രിൽ 12*** : ലോകം മുഴുവനും കുട്ടികളെ തട്ടികൊണ്ടുപോകുന്ന ദുഷ്ടത നീങ്ങിപ്പോകേണ്ടതിനായി.

***ഏപ്രിൽ 13*** : 2023-24 ൽ നമ്മുടെ സ്കൂളിൽ പുതുതായി പ്രവേശിക്കേണ്ട വിദ്യാർത്ഥികൾക്കായി.

***ഏപ്രിൽ 14*** : 2023 ജൂൺ മൂന്നാം തീയതി നടക്കേണ്ട നെഹെമ്യ ബൈബിൾ കോളേജിന്റെ ബിരുദദാനചടങ്ങിനായി.

***ഏപ്രിൽ 15*** : ഈ മാസത്തിലെ സകല സാമ്പത്തികമായ ആവശ്യങ്ങൾക്കായി.

***ഏപ്രിൽ 16*** : നെഹെമ്യാ കോളേജിൽ പുതിയ അദ്ധ്യായന വർഷത്തിൽ പ്രവേശിക്കേണ്ട വിദ്യാർത്ഥികൾക്കായി.

***ഏപ്രിൽ 17*** : നമ്മുടെ പാസ്റ്റർ എസ് സാം സെൽവരാജിന്റെ ശുശ്രൂഷകൾ പുതുദർശനത്തോടെ തുടർന്നും ചെയ്യേണ്ടതിനായി.

***ഏപ്രിൽ 18*** : ലോകവ്യാപകമായി രാജ്യങ്ങളുടെ പ്രസിഡന്റുമാർ, പ്രധാനമന്ത്രിമാർ, മുഖ്യമന്ത്രിമാർ, ലോകസഭാംഗങ്ങൾ, നിയമസഭാ പ്രതിനിധികൾക്കായി പ്രാർത്ഥിപ്പിൻ.

... 4-ാം പേജിന്റെ തുടർച്ച

മനുഷ്യനും അപഹരിക്കാൻ സാധ്യമല്ല. ആതാക്കോൽ എന്നുമെന്നും നമ്മിൽ നില നിൽക്കും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ആശ്രയിക്കുക. നിങ്ങളുടെ എല്ലാ കഷ്ടപാടുകളും അവനിൽ സമർപ്പിക്കുക, നാം അവനിൽ നിന്ന് അകന്നുപോയാൽ അതുമുഖാന്തിരം കഷ്ടപാടുകളും നാം അനുഭവിക്കും. നിങ്ങളിൽ ചിലർ നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തിലും ദൈവശുശ്രൂഷയിലും പിൻതിരിഞ്ഞിരിക്കുന്നു. ഇത് ഗുരുതരമായ തെറ്റാണ്. കർത്താവ് നമ്മെ ദാരിദ്ര്യത്തിൽ നിന്നും അഗാധകുഴിയിൽ നിന്നും ഉയർത്തി ഉന്നതസ്ഥാനങ്ങളിൽ നിർത്തിയത് നിങ്ങൾക്ക് എങ്ങനെ നിഷേധിക്കാൻ ആകും? തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തുക, പശ്ചാത്തപിക്കുക! അങ്ങനെ ചെയ്താൽ നിങ്ങളുടെ ദു:ഖങ്ങൾ തീർച്ചയായും സന്തോഷമായി മാറും.



## നഷ്ടപ്പെട്ടവരെ തിരയുന്ന കർത്താവ്

കർത്താവായ യേശുക്രിസ്തു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു എങ്കിലും അവന്റെ ശിഷ്യന്മാർ അവരുടെ പഴയ തൊഴിലായ അവരുടെ മത്സ്യബന്ധനത്തിലേക്ക് മടങ്ങി. ഇത് ആശയ കുഴപ്പം ഉണ്ടാക്കുന്ന കാര്യമാണ്. ഇപ്പോഴും കർത്താവ് തന്റെ സ്നേഹം കാണിക്കുന്നു. മുമ്പേ പറഞ്ഞതുപോലെ ശിഷ്യന്മാർ തിബെര്യാസ് കടലിൽ മീൻ പിടിക്കാൻ പോയി അവരെ സന്ദർശിച്ച കർത്താവ് ചോദിച്ചു, കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതും ഉണ്ടോ? ശിഷ്യന്മാർ ആവുന്നത്ര ശ്രമിച്ചിട്ടും ഒന്നും കിട്ടിയില്ല. ലൗകീക തൊഴിലുകൾ ചെയ്യുന്നവർ എനിക്കുണ്ട്. മന്ത്രിസ്ഥാനം ഏറ്റെടുക്കുകയും ചില കാരണങ്ങൾ പറഞ്ഞ് അത് ഉപേക്ഷിക്കുകയും ചെയ്യുന്നവർ എന്നാൽ അവരുടെ അന്ത്യം വിനാശകരമായിരിക്കും. ആരും അങ്ങനെ ചെയ്യരുത്.



നല്ല വിധത്തിൽ മീൻ പിടിക്കാൻ കർത്താവ് അവർക്ക് ചില പ്രായോഗിക ആലോചനകൾ നൽകി. അവർ അത് ചെയ്തു. അങ്ങനെ രക്ഷകനായ യേശുക്രിസ്തുവിനെ അവർ മനസ്സിലാക്കി! അഗാധമായ ഒരു ദൈവവിളിയാൽ ദൈവം നിങ്ങളെ തെരെഞ്ഞെടുത്തു. നിങ്ങൾക്ക് ദാനങ്ങളും കഴിവുകളും നൽകി ദൈവം നിങ്ങളെ ഉയർത്തി. എത്ര എത്ര പിശാചുകളാണ് നിങ്ങളാൽ പുറത്താ

0 9-ാം പേജിൽ തുടരും...


# നെഹെമ്യ ബൈബിൾ
## സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

**ഭാഷ : തമിഴ്**

*അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA*

**കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്**

**വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം**
**വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം**

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.**
**Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858**
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

01. പ്രാർത്ഥന സഹായങ്ങൾ – 24 മണിക്കൂർ
02. ബൈബിൾ കറസ്പോണ്ടൻസ് – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ)
03. വിളിയുടെ പ്രതിധ്വനി – മാസികകൾ
 തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ
04. നെഹെമ്യ ബൈബിൾ കോളേജ് – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ)
05. വേദശാസ്ത്ര വിദൂര പഠന കേന്ദ്രം – ഇംഗ്ലീഷ്, തമിഴ്
06. പരമനിയോഗ ദൗത്യ പങ്കാളികൾ – പാസ്റ്റർമാരുടെ ചങ്ങല
07. ട്രെയിനിംഗ് പരിപാടികൾ
08. ക്രൂസേഡുകൾ
09. കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം
10. സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് – പ്രസിദ്ധീകരണങ്ങൾ
11. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം
12. സണ്ടേസ്ക്കൂൾ – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി
13. തമിഴ് ആരാധന – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി
14. തെലുങ്ക് ആരാധന – ഞായർ വൈകുന്നേരം 5.00 മണി
15. ഹിന്ദി ആരാധന – ഞായർ വൈകുന്നേരം 4.00 മണി
16. ഇംഗ്ലീഷ് – തമിഴ് ആരാധന – ഞായർ വൈകുന്നേരം 6.00 മണി
17. പാസ്റ്റർമാരുടെ കൗൺസലിംഗ് – ഞായർ വൈകുന്നേരം 4.00 മണി
18. സ്ത്രീകളുടെ പ്രാർത്ഥനായോഗം – ബുധൻ വൈകുന്നേരം 5.30 മണി
19. മദ്ധ്യ ആഴ്ച വചന ധ്യാനം – ബുധൻ വൈകുന്നേരം 6.30 മണി
20. പുരുഷന്മാരുടെ യോഗം – വെള്ളി വൈകുന്നേരം 7.00 മണി
21. ശിഷ്യത്വ യോഗം – ശനി വൈകുന്നേരം 6.00 മണി
22. ഭവന കൂട്ടായ്മ – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി
23. പ്രത്യേക കർത്തൃമേശ – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി
24. സുവിശേഷകരുടെ അവലോകനം – ആദ്യ ശനി വൈകുന്നേരം 5.30 മണി
25. രക്ഷിതാക്കളുടെ പ്രാർത്ഥന – ആദ്യ ശനി വൈകുന്നേരം 4.00 മണി
26. രാത്രി പ്രാർത്ഥന – രണ്ടാം വെള്ളി രാത്രി 9.30 മണി
27. ഉപവാസ പ്രാർത്ഥന – ആദ്യ ശനി രാവിലെ 9.30 മണി
28. കർത്തൃമേശ – രണ്ടാം ഞായർ ആരാധനയോടൊപ്പം
29. പ്രഭാത ധ്യാനം – ദിവസവും രാവിലെ 5.00
30. ജീവനക്കാരുടെ ധ്യാനം – ദിവസവും രാവിലെ 9.00 മണി
31. ഓഫീസ് – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ)

## ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, Post Box 2957
CHEPAUK, CHENNAI - 600 005.
Ph.: (044) 2852 8282, 2852 9293, 2854 7766,
Cell : 98410 71852, 95661 31858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

**മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം**

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

# ദൈവീക ദണ്ഡനം!

ദൈവകൃപയാൽ 1971-ൽ ചെന്നൈയിലെ ചെപ്പോക്കിൽ താമസിക്കുന്ന അക്രൈസ്തവരെക്കുറിച്ചുള്ള ഭാരം കർത്താവ് എനിക്കു നൽകി. ഈ പ്രദേശത്തു താമസിച്ചിരുന്നവർ നല്ലവരും അഗാധമായ ദൈവഭയം ഉള്ളവരും ആയിരുന്നു. അവർ കഠിനാദ്ധ്വാനികളും രാവും പകലും ജോലി ചെയ്യുന്നവരും ആയിരുന്നു. ചെപ്പോക്കിൽ അടയാളം പറയുവാനായി ചരിത്ര പ്രധാനമായ അനേകം കാര്യങ്ങൾ ഉണ്ടായിരുന്നു. അനേകം സിനിമാ തീയേറ്ററുകൾ, ക്രിക്കറ്റ് സ്റ്റേഡിയം, പോലീസ് സ്റ്റേഷൻ, ലോകത്തിലെ രണ്ടാമത്തെ ഏറ്റവും നീളം കൂടിയ മനോഹരമായ കടൽത്തീരമായ മറീന ബീച്ച്, റോയൽ റോഡ് അഥവാ കാമരാജർ റോഡ്, ഇപ്പോൾ അണ്ണാ ശാലൈ എന്ന് അറിയപ്പെടുന്ന തിരക്കേറിയതും നീളം കൂടിയതും ഏറ്റവും പ്രശസ്തവുമായ മൗണ്ട് റോഡ്, ലൈറ്റ് ഹൗസ്, സെക്രട്ടേറിയറ്റ്, പ്രധാന റെയിൽവെ സ്റ്റേഷനുകളായ എഗ്മോറും സെൻട്രൽ സ്റ്റേഷനും, അനേകം സർക്കാർ ഓഫീസുകൾ, കൂവം നദി, പ്രശസ്തമായ സാന്തോം ദേവാലയം, പ്രസിഡൻസി കോളേജ്, അണ്ണാ മെമ്മോറിയൽ ബിൽഡിംഗ് എന്നിവ ഇവയിൽ ചിലതു മാത്രം. ഇത് പഴയ ചെന്നൈയുടെ (മദ്രാസ്) പ്രധാന ഭാഗമാണ്. ഈ പ്രദേശത്തെ ദരിദ്രരുടെയും ധനികരുടെയും വിദ്യാഭ്യാസ വിചക്ഷണരുടെയും ആത്മീയ ജീവിതത്തെക്കുറിച്ച് ഞാൻ വളരെയധികം ഭാരപ്പെട്ടിരുന്നു.

അങ്ങനെ എല്ലാ ദിവസവും രാത്രി 8.00 മണി മുതൽ 10.00 മണി വരെ എന്റെ രണ്ടു സഹശുശ്രൂഷകരുമൊത്ത് ഇവർക്കായി പ്രാർത്ഥിക്കാൻ തുടങ്ങി. ഈ സഹശുശ്രൂഷകരിൽ ഒരാളായ ബ്ര. ഐ. ചന്ദ്രസിംഗ് ഇപ്പോൾ പോണ്ടിച്ചേരിയിൽ വ്യവസായിയും രണ്ടാമൻ ബ്ര. മോസസ് പാക്യമണി ചെന്നൈയിലെ പ്രശസ്തനായ ബിസിനസുകാരനുമാണ്. മഹാത്മാഗാന്ധിയുടെ പ്രതിമയുടെ മുന്നിൽ ഞങ്ങൾ മുട്ടുകുത്തി പ്രാർത്ഥിക്കുമായിരുന്നു. ഈ ലോകത്തിന്റെ പ്രവർത്തനങ്ങളിൽ മുഴുകി ജീവിക്കാൻ സിനിമ ഒരു കാരണമാണെന്നു ഞങ്ങൾ മനസ്സിലാക്കിയതിനാൽ സിനിമാശാലകൾ നീക്കം ചെയ്യുകയോ പൂട്ടുകയോ ചെയ്യാൻ വേണ്ടി പ്രാർത്ഥിച്ചു.

സത്യസന്ധമായി പറയുന്നു, എന്തൊരതിശയം! കർത്താവായ ദൈവം ഞങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകി. പാരഗൺ, സ്റ്റാർ, എൽബിൻസ്റ്റൺ, ദേവി, ശാന്തി, അണ്ണാ, ചിത്രാ എന്നീ തിയേറ്ററുകൾ അടച്ചുപൂട്ടി. അതിനാൽ സിനിമാ കാണണമെന്ന ഭ്രാന്ത് പിടിച്ചവരോടും സ്വഭാവശുദ്ധി ഇല്ലാതെ ജീവിക്കുന്നവരോടും സുവിശേഷം അറിയിക്കുവാൻ അവസരം ലഭിച്ചു. അനേകം പേർ യേശുക്രിസ്തുവിനെ സ്വീകരിച്ച് പരിശുദ്ധമായ ജീവിതം നയിക്കുവാൻ തുടങ്ങി. പക്ഷെ ആ പ്രദേശത്ത് ഒരു ആലയവും ഉണ്ടായിരുന്നില്ല. അതിനാൽ ഈ പുതിയ വിശ്വാസികളെ ഒരു പള്ളികളിലേക്കും അയയ്ക്കുവാൻ സാധിച്ചില്ല. ഈ പ്രദേശത്ത് ഒരു പള്ളി ഉണ്ടാകുന്നത് വളരെ പ്രയാസമുള്ള കാര്യമാണ് എന്നു തോന്നി. 1980 ൽ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യയുടെ ഒരു ശാഖാസഭ അവിടെ ആരംഭിക്കുവാൻ കർത്താവ് കൃപ നൽകി. പക്ഷെ ജീവനുള്ള ദൈവത്തെ ആരാധിക്കാൻ ഞായറാഴ്ചകളിൽ ആരും കടന്നുവന്നില്ല. അഞ്ചു വർഷത്തോളം എന്റെ ഭാര്യയും അന്ന് ശിശുവായിരുന്ന എന്റെ മകളും മാത്രമാണ് എന്നോടൊപ്പം ആരാധനയ്ക്ക് ഉണ്ടായിരുന്നത്. ഞാൻ എന്റെ അക്കോർഡിയൻ (സംഗീതോപകരണം) വായിച്ച് പാടുകയും പ്രസംഗിക്കുകയും ചെയ്യുമായിരുന്നു. അതിൽ അനേകർക്ക് എന്നോട് അമർഷം ഉണ്ടായിരുന്നു.

ഒരു ദിവസം രാവിലെ 8.00 മണിക്ക് ഞാൻ ആലയവും പരിസരവും വൃത്തിയാക്കി ആരാധന തുടങ്ങുവാൻ ശ്രമിക്കുകയായിരുന്നു. ശുശ്രൂഷക്കായി ഞാൻ പള്ളിയുടെ പരിസരം ഒരുക്കിയെങ്കിലും ആരാധനയ്ക്ക് ആരും വരികയില്ലല്ലോ എന്നോർത്ത് ദുഃഖിതനുമായിരുന്നു. അതിനാൽ എന്റെ കിടപ്പുമുറിയിൽ പോയി വിശ്രമിക്കുവാൻ കിടന്നു. ഞാൻ ഒരു തരം മയക്കത്തിലേക്ക് പോയി ഒരു സ്വപ്നം കണ്ടു.

എന്റെ വീട് മുഴുവനും വെളിച്ചം കൊണ്ട് അലങ്കരിച്ചിരിക്കുന്നത് ഞാൻ സ്വപ്നത്തിൽ കണ്ടു. എന്റെ വീട്ടിൽ നല്ല സുഗന്ധം എനിക്ക് അനുഭവപ്പെട്ടു. ഞാൻ ആരാധനയ്ക്കായി ഒരുക്കിവച്ചിരുന്ന സ്ഥല



റവ. ഡോ. ബെവിൻ ലോറൻസ്, ശ്രീമതി. സെറീന ബെവിൻ

ത്തേക്ക് 50 വയസ്സുള്ള ഒരാൾ പെട്ടെന്ന് കയറിവന്നു. അയാൾ എല്ലാ ലൈറ്റും ഫാനും ഓണാക്കി. എന്നിട്ട് സാവധാനം മുട്ടു മടക്കി പ്രാർത്ഥിക്കാൻ തുടങ്ങി. അപ്പോൾ അവിടെ ആളുകളെക്കൊണ്ട് നിറഞ്ഞിരിക്കുന്നതായി കണ്ടു.

ഞാൻ പെട്ടെന്ന് ഉണർന്നു ഭാര്യയെയും മകളെയും കൂട്ടി ആരാധനയ്ക്കു ചെന്നപ്പോൾ അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്ന വ്യക്തിയെ കാണാനില്ലായിരുന്നു. ഞാനും ഭാര്യയും ഞങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് ആരാധന ആരംഭിച്ചു.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ഒരു സഹോദരനും ഭാര്യയും മകനും വെളുത്ത വേഷധാരികളായി കടന്നുവന്നു. റവ. ഡോ. ബെവിൻ ലോറൻസ് എന്ന ഇദ്ദേഹം മെഡിക്കൽ ഡോക്ടറും ബിഷപ്പുമാണ്. ഇപ്പോൾ അദ്ദേഹം കൊടയ്ക്കനാൽ ആസ്ഥാനമാക്കി ധാരാളം ശുശ്രൂഷകൾ ചെയ്തുപോരുന്നു. വിളിയുടെ പ്രതിധ്വനിയുടെ സീനിയർ അസ്സോസിയേറ്റ് എഡിറ്ററായ ശ്രീമതി സെറീന ബെവിൻ ആണ് അദ്ദേഹത്തിന്റെ ഭാര്യ. അവർ ഒരുമിച്ച് ധാരാളം ശുശ്രൂഷകൾ ചെയ്യുന്നു.

ആ ദിവസം മുതൽ ആളുകൾ വന്നാലും ഇല്ലെങ്കിലും എന്റെ പള്ളിയിലെ ആരാധനകൾ കൃത്യസമയത്ത് ആരംഭിക്കുന്നു. എന്റെ എല്ലാ സഹപ്രവർത്തകരെയും കോളേജ് വിദ്യാർത്ഥികളെയും ഞാൻ ഇത് പഠിപ്പിക്കുന്നു. ദൈവം നല്ലവനാണ്.

---

*... 6-ാം പേജിന്റെ തുടർച്ച*

ക്കപ്പെടുന്നത് എന്ന് ചിന്തിക്കുവിൻ. മുട്ടിപ്പായ പ്രാർത്ഥനകൾക്ക് ദൈവം വിജയം നൽകുന്നു. ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങളിൽ നിന്ന് എത്രപേർ രക്ഷപ്പെട്ടു? ചില പ്രശ്നങ്ങളാലോ ചില ലൗകീകസുഖങ്ങളാലോ മനം നൊന്ത് നിങ്ങൾ ദൈവസന്നിധിയിൽ നിന്ന് ഓടിപ്പോയിട്ടുണ്ടോ?

## നിങ്ങളുടെ ജീവിതത്തെക്കുറിച്ച് ഒരു നിമിഷം ചിന്തിക്കുവിൻ!



നിങ്ങളുടെ കുട്ടികളെ ബാധിച്ച രോഗങ്ങളിൽ നിന്ന് ദൈവം നിങ്ങളെ എങ്ങനെ രക്ഷിച്ചു? മറ്റുള്ളവർ രോഗം, പരാജയങ്ങൾ, ബുദ്ധിമുട്ടുകളാൽ വലയുമ്പോൾ, ദൈവം നിങ്ങളെ നയിച്ചത് എങ്ങനെയെന്ന് ചിന്തിക്കുക. ദൈവം തന്റെ അത്ഭുതങ്ങളാൽ വിടുവിച്ചുവോ? കർത്താവ് നിങ്ങളോടൊപ്പവും ദയയുള്ളവൻ എന്നാണ് അതിന്റെ അർത്ഥം. ഒരിക്കൽ നിങ്ങൾ ദൈവസഹായം ആസ്വദിച്ചെങ്കിൽ ദയവായി ദൈവത്തെ ഉപേക്ഷിക്കരുത്. നിങ്ങളുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം ദൈവത്തിനാണ്. നിങ്ങളുടെ ദുഃഖം സന്തോഷമായിമാറും. നമ്മുടെ ജീവിതത്തിൽ ഓരോ ദിവസവും നിരവധി കൊടുങ്കാറ്റുകൾ നാം നേരിടുന്നു. ആ കൊടുങ്കാറ്റുകൾ വ്യത്യസ്ത ദിശകളിൽ, വ്യത്യസ്ത വേഗതയുള്ള വിവിധ ആളുകളിൽ നിന്നും നാം അഭിമുഖീകരിക്കുന്നു.

കൊടുങ്കാറ്റും ചുഴലികാറ്റും നാം അനുഭവിക്കുന്നു. കൊടുങ്കാറ്റിന്റെ തരംഗങ്ങൾ എപ്പോൾ വന്നു എന്നു നോക്കാം. അവർ ഞങ്ങളെ അടിച്ചു. അവർ നമ്മുടെ ജീവിതത്തിൽ ഏത് തരത്തിലുള്ള മുറിവുകൾ ആണ് ഉണ്ടാക്കുന്നത്, നമുക്ക് എങ്ങനെ അതിജീവിക്കുവാൻ കഴിയും എന്ന് നാം ചിന്തിക്കുന്നു. ദൈവത്തിന്റെ ശക്തിയാൽ അവരെ ജയിക്കുക. സ്ഥിതി വഷളാകുന്നതിന് മുമ്പ് നാം പ്രവർത്തിക്കണം. കുറച്ച് സ്ഥലം (സമയം) ഉണ്ട്. ആക്രമണത്തിനു സാഹചര്യത്തിനും ഇടയിൽ നാം കൈവിട്ട് പോകുന്നു. എന്നാൽ ദൈവം ദയ ഉള്ളവനാണ്. എല്ലാം നമ്മുടെ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ അവന്റെ കൃപ നൽകണമേ എന്ന് പ്രാർത്ഥിക്കുവിൻ. നാം സ്വന്തം പ്രാർത്ഥനയാൽ ഇതെല്ലാം കൈകാര്യം ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു. എല്ലാ ജ്ഞാനവും ഉത്സാഹവും ദൈവം നൽകുന്നു. പ്രതികൂലങ്ങൾ എല്ലാം കൊടുങ്കാറ്റുകൾ എന്ന് വിളിക്കുന്നു, നമ്മുടെ മനസ്സിൽ നമ്മൾ നേരിടുന്ന കാര്യങ്ങൾ, മറ്റ് ആളുകൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ എന്നിവ. നാം സുരക്ഷാ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കൊടുങ്കാറ്റ് ഉയരുന്നത് കാണുമ്പോൾ നമ്മൾ മുങ്ങിപ്പോകും. അതുകൊണ്ടാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു, യോഹന്നാൻ 9:4 ൽ രാത്രിയുടെ ആഗമനത്തെകുറിച്ച് സംസാരിക്കുന്നത്.

അതിന്റെ സമീപനത്തിന് മുമ്പ് അവന്റെ പ്രവർത്തി പൂർത്തിയാക്കാൻ കർത്താവ് ആഗ്രഹിച്ചു. യേശു അങ്ങനെ ചെയ്തു. എന്നാൽ നമ്മെ വഴിതെറ്റിക്കാൻ സാത്താൻ കാത്തിരിക്കുകയാണ് (1പത്രോ. 5:8). നിങ്ങളുടെ മേൽ ദൈവത്തിന് പൂർണ്ണ നിയന്ത്രണമുണ്ടെന്ന് നിങ്ങൾ അറിയുക. നിങ്ങളുടെ ജീവിത വെല്ലുവിളികളെ നേരിടുക. നിങ്ങൾ ദേഷ്യപ്പെടരുത്, ദുഃഖിക്കരുത്. എല്ലാ സാഹചര്യങ്ങളിലും ദൈവത്തെ സ്തുതിക്കാൻ ശ്രമിക്ക. ദൈവത്തിന്റെ വാഗ്ദാനങ്ങൾ ആവർത്തിച്ച് പറയുക. ദൈവം എനിക്കായി ഉണ്ടെന്ന് പറഞ്ഞ് ധൈര്യപ്പെടുക. എല്ലാ നേരത്തും ഞാൻ സുരക്ഷിതനാണ് അതിനാൽ എല്ലാ സാഹചര്യങ്ങളെയും തരണം ചെയ്യും. സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ!

## പ്രത്യേക അറിയിപ്പ്

**പ്രതിഫലം കൂടാതെ പ്രവർത്തിക്കാൻ പ്രതിനിധികളെ ആവശ്യമുണ്ട്.**

സിൻഹള, നേപ്പാളി, ഉർദു, ആഫ്രിക്കൻസ് തുടങ്ങിയ ഭാഷകളിലെ വിളിയുടെ പ്രതിധ്വനി മാസികാ വായനക്കാരുടെ എണ്ണം വളരെയധികം കുറഞ്ഞിരിക്കുകയാണ്. പഴയ സുഹൃത്തുക്കളുടെ നഷ്ടമോ താമസസ്ഥലം മാറിയതോ ആകാം ഇതിന്റെ കാരണം. വായനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള വഴികൾ ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ഞങ്ങളുടെ ശ്രമത്തിന്റെ ഭാഗമായി സിൻഹള, നേപ്പാളി, ഉർദു, ആഫ്രിക്കൻസ് ഭാഷയിലെ വായനക്കാരിൽ നിന്നും പ്രതിനിധികൾ ഇതിനായി താഴെ പറയുന്ന രീതിയിൽ പ്രവർത്തിക്കാൻ താല്പര്യപ്പെടുന്നു.

1. അവരവരുടെ ഭാഷയിൽ കൂടുതൽ വായനക്കാരെ അംഗങ്ങളായി ചേർക്കുക.
2. അവരവരുടെ രാജ്യത്തെ/പ്രദേശത്തെ ഭാഷയിൽ മാസികയുടെ കൂടുതൽ പ്രതികൾ അച്ചടിച്ച് വിതരണം ചെയ്യുക.
3. പുതിയ വിലാസങ്ങൾ കണ്ടെത്തുവാനും മാസികയുടെ ഫോട്ടോകോപ്പികൾ എടുത്ത് ഇവർക്കൊക്കെ വിതരണം ചെയ്യുവാനും ശമ്പളമില്ലാതെ പ്രവർത്തിക്കുന്ന പ്രതിനിധികളെ കണ്ടെത്താനും സഹായിക്കുക.

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## വിളിയുടെ പ്രതിധ്വനി

**യൂട്യൂബ്**

**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യൂട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

### 1. Bank : State Bank of India

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### 2. Bank : ICICI Bank

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### 3. Bank : State Bank of India

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/- രൂപ      ആയുഷ്കാല വരിസംഖ്യ : 2000/- രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th MARCH, 2023.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**